# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **883**      **09/8/2017** -ലെ മറുപടി

## വാട്ടർ ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വാട്ടർ ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസമെന്താണെന്ന് വിശദമാക്കാമോ;<br>(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) | ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായി പാമ്പായിമൂലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജലസംഭരണിയുടെ പ്രവൃത്തിയ്ക്കായി 278 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ മണ്ണുപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിസൈൻ പ്രകാരം പൈലിന്റെ നീളവും എണ്ണവും കൂടിയതിനാൽ എസ്റ്റിമേറ്റ് തുക 346 ലക്ഷമായി ഉയർന്നിട്ടുണ്ട്. ആയതിനാൽ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/